# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1083    06.02.2020 ൽ മറുപടിക്ക്**

**പ്രളയാനന്തരം റോഡ് പുനർനിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. രാജഗോപാലൻ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർ.ഐ.ഡി.എഫ്, സി.ആർ.എഫ്, നബാർഡ് എന്നിവ വഴി നാളിതുവരെ എത്രകോടി രൂപയുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

എ) പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനു കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് RIDF ഫണ്ട് ഉപയോഗിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ RIDF XXII-ൽ ഉൾപ്പെടുത്തി - 147.55 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ RIDF XXIII ൽ ഉൾപ്പെടുത്തി 146.68 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ RIDF XXIV- ൽ ഉൾപ്പെടുത്തി, G.O(Rt) No. 1777/2018/PWD dated 15.11.2018 ഉത്തരവു പ്രകാരം 110.2503 കോടി രൂപയും G.O.(Rt) No. 202/2019/PWD dated 11.02.2019 പ്രകാരം 349.95 കോടി രൂപയും, 2019-2020 സാമ്പത്തിക വർഷത്തിൽ RIDF XXV-ൽ ഉൾപ്പെടുത്തി 141.67 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ RIDF XXII-ൽ RIDF XXIII, RIDF XXIV-ലെ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. RIDF XXII-ലെയും RIDF XXIII-ലെയും ഭൂരിഭാഗം പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തു.

പാലം വിഭാഗത്തിനു കീഴിൽ നബാർഡ് RIDF ഉപയോഗിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ, RIDF XXII - ൽ ഉൾപ്പെടുത്തി - 30.25 കോടി രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ RIDF XXIV - ൽ ഉൾപ്പെടുത്തി ജി.ഒ.(ആർ.ടി) നം. 1777/2018/പൊ.മ.വ തീയതി 15.11.2018 പ്രകാരം 5 കോടി രൂപയും, ജി.ഒ.(ആർ.ടി) നം. 202/2019/പൊ.മ.വ തീയതി 11.02.2019 പ്രകാരം 18.4923 കോടി രൂപയും ഭരണാനുമതി ലഭിച്ചിരുന്നു. ആയതിൽ RIDF

XXII - ലെയും, XXIII - ലെയും, പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു.

ദേശീയപാത വിഭാഗത്തിനു കീഴിൽ CRF പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 29 പദ്ധതികൾക്ക് 397 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 17 പദ്ധതികൾക്ക് 230.99 കോടി രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ 56 പദ്ധതികൾക്ക് 801 കോടി രൂപയും എന്ന ക്രമത്തിൽ ഭരണാനുമതി നൽകി നടപ്പാക്കി വരുന്നു.

കെട്ടിട വിഭാഗത്തിനു കീഴിൽ ആർ.ഐ.ഡി.എഫ്, നബാർഡ് എന്നിവ വഴി നാളിതുവരെ 225.54 കോടി രൂപയുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്.

ബി) 2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം എത്ര കിലോമീറ്റർ റോഡുകൾ പുനർനിർമ്മിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ചിലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ബി) നിരത്തു വിഭാഗത്തിനു കീഴിൽ 2018 പ്രളയാനന്തരം 2018-19 സാമ്പത്തിക വർഷത്തിൽ RIDF XXIV-ൽ ഉൾപ്പെടുത്തി 438 കി.മീ റോഡുകൾക്കും, 2019-20 സാമ്പത്തിക വർഷത്തിൽ RIDF XXV-ൽ ഉൾപ്പെടുത്തി 130.43 കി.മീ റോഡിനും 601.87 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിനുകീഴിൽ 2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം റോഡുകൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾക്ക് താല്ക്കാലിക പരിഹാരമായി OR ൽ 46.17 കോടി രൂപയും FDR ൽ 28.40 കോടി രൂപയും കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇത് ഉപയോഗിച്ച് താല്ക്കാലികമായി അറ്റകുറ്റപണികൾ നടത്തി ദേശീയപാത ഗതാഗതയോഗ്യമാക്കിയിരുന്നു. ഇതുകൂടാതെ ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിച്ച മുറയ്ക്ക് നടപ്പിലാക്കി വരുന്നു (446.32 കി.മീ - 602 കോടി). കൂടാതെ 2018 ൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 56 പദ്ധതികൾക്ക് (റോഡ് - 54 എണ്ണം(702.72 കി.മീ), പാലങ്ങൾ - 2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**